"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - "Kallar, Kallan including Isanattu Kallar" സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ (ഒ.ബി.സി) പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.1/2025/BCDD തീയതി,തിരുവനന്തപുരം, 25-01-2025

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 16/10/2024 -ലെ കത്തും, ഉപദേശവും

ഉത്തരവ്

പാലക്കാട് ജില്ലയിലെ ഏലപ്പുള്ളി പഞ്ചായത്തിൽ അധിവസിച്ചു വരുന്ന തമിഴ് ഭാഷാ ന്യൂനപക്ഷമായ ഒരു സമുദായമാണ് Kallar/Isanattu Kallar. സംസ്ഥാന എസ്.ഇ.ബി.സി. (S.E.B.C) പട്ടികയിൽ ഈ സമുദായത്തെ "Kallan including Isanattu Kallar" എന്ന പേരിൽ ഇനം നമ്പർ 32 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തമിഴ്നാട് സർക്കാരിന്റെ സംസ്ഥാന ഒ.ബി.സി. പട്ടികയിലും തമിഴ്നാട് സംസ്ഥാനത്തിനായുള്ള കേന്ദ്ര ഒ.ബി.സി. പട്ടികയിലും Kallar / Isanattu Kallar വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) Kallar/Isanattu Kallar വിഭാഗങ്ങളുടെ സാമൂഹ്യാവസ്ഥ മറവർ അകമുദയർ എന്നീ വിഭാഗങ്ങളുടേതിന് സമാനമാണെന്നും ഇവരെല്ലാം കാർഷികവൃത്തിയുമായി ബന്ധപ്പെട്ട കൂലിവേലയും ദിവസക്കൂലിയും ചെയ്താണ് ജീവിക്കുന്നതെന്നും സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവ്വീസിലും കേന്ദ്ര സർക്കാർ സർവ്വീസിലും Kallar / Isanattu Kallar സമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യമില്ലെന്നതും ടി സമുദായത്തിന്റെ സാമൂഹിക സാഹചര്യങ്ങൾ പരിഗണിച്ചും "Kallar, Kallan including Isanattu Kallar" സമുദായത്തെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 29B ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിൽ ഉപദേശം ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് "Kallar, Kallan including Isanattu Kallar" സമുദായത്തെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് - I, ഷെഡ്യൂൾ ലിസ്റ്റ് III-ൽ ഇനം നമ്പർ 29 B ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ (ഒ.ബി.സി)

പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം,തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (22.01.2025 -ലെ ഇനം നം. 2632 പ്രകാരം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Padmasekhar P
Date: 25-01-2025 16:07:45
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്